DESPATCHED
On.09.12.21.



23/11/2021

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ CP No.239(6)/2021/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.*5205/എസ്.ഐ.സി-ജി 5/2021*)

സന്നിഹിതൻ

അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. എസ്. സുനിൽ കുമാർ,
ആലയിൽ, മയ്യനാട് പി.ഒ.,
കൊല്ലം-691303 } പരാതി ഹർജിക്കാരൻ

Vs

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
കോർട്ട് ഓഫീസർ,
കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ,
ടർബോ പ്ലസ് ടവർ, പി.എം.ജി. ജംഗ്ഷൻ,
വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം-33 } എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 21.12.2017 |
| മറുപടി ലഭ്യമാക്കിയ തീയതി | -- |
| കമ്മീഷനിൽ പരാതി ഹർജി നൽകിയ തീയതി | 04.05.2021 |
| കമ്മീഷനിൽ പരാതി ഹർജി ലഭ്യമായ തീയതി | 21.04.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 29.06.2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭ്യമായ തീയതി | 12.07.2021 |
| ഹിയറിംഗ് തീയതി | 16.11.2021 |
| ഹിയറിംഗിലെ സാന്നിദ്ധ്യം | |
| ഹർജിക്കാരൻ | ഹാജരായില്ല |
| എതിർകക്ഷി | ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. എസ്. സുനിൽ കുമാർ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ എതിർകക്ഷി യാതൊരു മറുപടിയും ലഭ്യമായിട്ടില്ലെന്നും ആയതിനാൽ കമ്മീഷൻ വ്യക്തമായ മറുപടി ലഭ്യമാക്കാൻ ഉചിതമായ നടപടി കൈക്കൊളളണമെന്നുമാണ്.

2. ഹർജിക്കാരൻ 21.12.2017 ന് എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിന്മേൽ ആവശ്യപ്പെട്ടത്, മനുഷ്യാവകാശ കമ്മീഷന്റെ ഓഫീസിൽ വരുന്ന വാഹനങ്ങൾക്ക് പാർക്ക് ചെയ്യാൻ ഏത് മൈതാനത്ത് പോകണമെന്നും 12 വാഹനങ്ങൾക്ക് പാർക്കിംഗ് ഏരിയ ഉണ്ടെന്ന് വാടക കരാർ വ്യവസ്ഥയിൽ കാണുന്നുവെന്നും പാർക്കിംഗ് ടി കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ആശുപത്രിക്ക് മാത്രം എന്ന ബോർഡു കാണുന്നുവെന്നും ബിൽഡിംഗ് ഓണറുടെ സെക്യൂരിറ്റിക്കാർ അവിടെ വരുന്ന വാഹനങ്ങളെ പാർക്കു ചെയ്യാൻ അനുവദിക്കുന്നില്ല എന്നും വിശദീകരണം ആവശ്യമാണ്. ലഭ്യമാക്കണമെന്നും മറ്റുമായി 6 ഇനങ്ങളായുളള വിവരങ്ങളാണ്. ആയതിന് എതിർകക്ഷി മറുപടി നൽകിയിട്ടുളളതായി കാണുന്നില്ല.

3. എതിർകക്ഷി കമ്മീഷൻ മുമ്പാകെ 12.07.2021 ൽ സമർപ്പിച്ച റിപ്പോർട്ടിൽ ബോധിപ്പിച്ചത്, ഹർജികക്ഷിയുടെ അപേക്ഷയുടെ നമ്പർ 30878/എ2/2017/എച്ച്.ആർ.സി. എന്നതാണെന്നും എന്നാൽ ഓഫീസ് പരിശോധിച്ചതിൽ പ്രസ്തുത ഫയലിന്റെ ബാക്ക് ഫയൽ കണ്ടെത്തുവാൻ കഴിഞ്ഞില്ലെന്നും കമ്പ്യൂട്ടർ പരിശോധിച്ചതിൽ 30878/എ2/2017/എച്ച്.ആർ.സി. നമ്പർ ഫയലിന്റെ നോട്ടും മറുപടി കത്തും ടൈപ്പ് ചെയ്തതായി കാണുന്നുവെന്നും ആയതിനാൽ മറുപടി നൽകിയതായി കണക്കാക്കാവുന്നതാണെന്നും മറ്റുമാണ്. ഹർജിക്കാരന് 05.01.2018 ൽ ലഭ്യമാക്കിയ മറുപടിയുടെ പകർപ്പ് കമ്മീഷൻ മുമ്പാകെ ഹാജരാക്കിയതായി കാണുന്നു. ആയതിൽ പ്രസ്താവിച്ചത്, ടിയാൻ 1 മുതൽ 4 വരെയും 6-ാം നമ്പരായും ചോദിച്ചിരുന്ന ചോദ്യങ്ങൾ വിവരാവകാശ നിയമത്തിന്റെ

പരിധിയിൽ വരുന്നവയല്ലെന്നും മേൽ ചോദ്യങ്ങൾ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ പ്രവൃത്തിക്കുന്ന വാടക കെട്ടിടത്തിന്റെ നിർമ്മിതിയും അനുബന്ധ സംഗതിയെ സംബന്ധിച്ചും കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ ഓഫീസ് മാറ്റുന്നതിനേയും മറ്റും സംബന്ധിച്ചുള്ളതാണെന്നും കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ പ്രവർത്തിക്കുന്ന കെട്ടിടത്തെ സംബന്ധിക്കുന്ന വിവരങ്ങൾ, വാടക എന്നിവ കെട്ടിട ഉടമയുമായി ബന്ധപ്പെട്ടതും ആയത് പൊതു അധികാരിയുടെ കൈവശമുള്ള വിവരങ്ങൾ അല്ലാത്തതുമാകുന്നുവെന്നും ചോദ്യോത്തര രൂപത്തിലുള്ളതിന് മറുപടിയായി വിവരങ്ങൾ കെട്ടിട ഉടമയായ മൂന്നാം കക്ഷിയിൽ നിന്നും ശേഖരിച്ചു നൽകാൻ വിവരാവകാശ നിയമം അനുവദിക്കുന്നില്ലെന്നും കമ്മീഷന്റെ കെട്ടിട വാടക നിശ്ചയിക്കുന്നത് പൊതുമരാമത്ത് വകുപ്പ് കെട്ടിടം പരിശോധിച്ച് സർക്കാരിന് നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണെന്നും സർക്കാർ തീരുമാനം ഇല്ലാതെ കമ്മീഷന് സ്വമേധയാ കെട്ടിട വാടക നിശ്ചയിക്കാനും ഇഷ്ടമുള്ള കെട്ടിടത്തിലേക്കു മാറാനും കഴിയുന്നതല്ലെന്നും വാടക കാലാവധി തീരാത്തതിനാൽ നാളിതുവരെ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ഓഫീസ് മാറ്റുന്നതിന് സംബന്ധിച്ച് ആലോചന ഉണ്ടായില്ലെന്നും വാഹന പാർക്കിംഗ് സംബന്ധിച്ച് പരാതി ലഭിച്ചാൽ ആയത് കമ്മീഷന്റെ ശ്രദ്ധയിൽ പ്പെടുന്നതാണെന്നും 5-ാം നമ്പർ ചോദ്യം പെറ്റീഷൻ സീറ്റുമായി ബന്ധപ്പെട്ടതാണെങ്കിലും ആയതും ലഭ്യമാക്കുന്നുവെന്നുമാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷക്ക് എതിർകക്ഷി സമയബന്ധിതമായി മറുപടി ലഭ്യമാക്കിയതായി കാണുന്നു. 16.11.2021 ൽ നടന്ന ഹിയറിംഗിൽ പങ്കെടുക്കാൻ ഹർജികക്ഷിക്ക് നോട്ടീസ് അയച്ചുവെങ്കിലും ടിയാൻ ഹിയറിംഗിൽ പങ്കെടുക്കുകയോ എന്തെങ്കിലും അസൗകര്യം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. പരാതിക്കാരൻ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾക്ക് മറുപടി നൽകിയതായി റിപ്പോർട്ടിൽ പറയുന്നു. ആയതിൽ ടിയാന്റെ ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടി നൽകിയതായി കാണുന്നു. എതിർകക്ഷിയുടെ മൊഴിയിലും ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്. എതിർകക്ഷി

ആഫീസിൽ ഉള്ള വിവരങ്ങൾ മാത്രം നൽകിയാൽ മതി. വിവരങ്ങൾ ശേഖരിച്ചു നൽകേണ്ടതില്ല. 09.07.2021 ലെ റിപ്പോർട്ടിന്റെയും 05.01.2018 ൽ ശ്രീ. സുനിലിന് നൽകിയിട്ടുള്ള മറുപടി കത്തിന്റെയും ടിയാന്റെ അപേക്ഷയിലെ 5 ാം ഇനത്തിൽ ആവശ്യപ്പെട്ട രേഖകളും ഒരിക്കൽ കൂടി പരാതി ഹർജിക്കാരന് അയച്ചു നൽകാൻ കമ്മീഷൻ നിർദ്ദേശിക്കുന്നു. എതിർകക്ഷിയുടെ റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് പരാതി ഹർജിയിന്മേലുള്ള തുടർനടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഇന്നേ ദിവസം 2021 നവംബർ 23-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)

അഡ്വ.എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)
dp